# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 18 No. 11 PUBLISHED FROM DELHI PRICE Rs. 3/- NOVEMBER 2014


## ദൈവജനം അതിവിശിഷ്ട ജീവിതത്തിനുടമകളായി മാറുക : പാസ്റ്റർ എൻ. എം. ജോസഫ്

**ന്യൂഡൽഹി:** ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായ ദൈവജനം സാധാരണക്കാരല്ലെന്നും നാം വസിക്കുന്ന സമൂഹത്തിൽ വിശേഷതയുള്ളവരാണെന്നും നാം നമ്മുടെ ജീവിതത്തിലൂടെ അത് സമൂഹത്തിന് തെളിയിച്ചുകൊടുക്കണമെന്നും കർമ്മേൽ പ്രയർ ഫെല്ലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ എൻ. എം. ജോസഫ് (ബീഹാർ) പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ (എഫ്. സി. വൈ. എം.)ഡൽഹി റീജൻ വാർഷികയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. യിസ്രയേലിന്റെ ഒന്നാമത്തെ രാജാവായ ശൗൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ആയിരുന്നു. സാധാരണക്കാരനായ അവനെ രാജത്വത്തിലേക്ക് ഉയർത്തിയ തിരഞ്ഞെടുപ്പിന്റെ കാരണം തന്നെ അവന്റെ ചില ഗുണങ്ങളായിരുന്നു. പിതാവിന്റെ വാക്ക് മറുചോദ്യമില്ലാതെ അതുപോലെ അനുസരിക്കുന്നവനും കഠിന പരിശ്രമം ചെയ്യാൻ മനസ്സുള്ളവനും ക്ഷമയുള്ളവനും ആയിരുന്നു ശൗൽ. മാത്രമല്ല തന്റെ മുമ്പിലുള്ള ദൗത്യം നിറവേറ്റാനായി തയ്യാറെടുപ്പുകളോടെ മുമ്പോട്ടുപോകുന്ന




പാസ്റ്റർ എൻ. എം. ജോസഫ് പ്രസംഗിക്കുന്നു; പാസ്റ്റർമാരായ ടി.ഡി.സുധാകരൻ, ബിനു ജോൺ, ബിനോയി പി. ജോൺ, ബ്രദർ ശീലാസ് സാമുവൽ എന്നിവർ വേദിയിൽ

(ശേഷം രണ്ടാം പേജിൽ)

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 21-ാമത് ജനറൽ കൺവൻഷൻ

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിയൊന്നാമത് ജനറൽ കൺവൻഷൻ 2015 ഫെബ്രുവരി 26,27,28, മാർച്ച് 1 എന്നീ തീയതികളിൽ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 26-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മനോജ് തമ്പി (അടൂർ), പാസ്റ്റർ രാജേഷ് ഏലപ്പാറ, പാസ്റ്റർ കെ.ജെ. മാത്യു (പുനലൂർ) എന്നിവർ ആയിരിക്കും ഈ വർഷത്തെ മുഖ്യ പ്രാസംഗികർ. എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗവും നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേസ്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യയൂ. എഫ്. എന്നിവയുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. ഫെബ്രുവരി 28-ാം തീയതി രാവിലെ പത്ത് മണിമുതൽ അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും.

## ബെഥേൽ ഗോസ്പൽ അസംബ്ലി സിൽവർ ജൂബിലി കൺവൻഷൻ

**പത്തനാപുരം:** റവ.ഡോ. ജോയി പി. ഉമ്മൻ നേതൃത്വം നൽകുന്ന ബെഥേൽ ഗോസ്പൽ അസംബ്ലി സിൽവർ ജൂബിലി നിറവിൽ. സിൽവർ ജൂബിലി കൺവൻഷൻ 2015 ജനുവരി 15 മുതൽ 18 വരെ പത്തനാപുരം ബെഥേൽ ഗ്രൗണ്ടിൽ വച്ച് നടക്കും.

1990ൽ മുംബൈ കേന്ദ്രീകരിച്ച് ആരംഭിച്ച ഈ പ്രവർത്തനം 25-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സഭകളും സ്ഥപനങ്ങളും സാമൂഹിക പ്രവർത്തനങ്ങളുമായി കർത്തൃവേലയിൽ മുന്നേറുന്നു എന്നത് പ്രശംസാർഹമാണ്.

ഈ സിൽവർ ജൂബിലി കൺവൻഷനിൽ റവ. ഡോ. ജോയി പി. ഉമ്മൻ (ഓവർസിയർ, ബി.ജി.എ.), പാസ്റ്റർ കെ. ജോയി (ഡൽഹി), പാസ്റ്റർ സാം ടി. മുഖത്തല, പാസ്റ്റർ കെ.ജെ. തോമസ് (കുമളി) എന്നീ കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ ജോജോ പി. ജോർജ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ബി.ജി.എ ജനറൽ സെക്രട്ടറി പാസ്റ്റർ എം. ഓ. അനിയൻ ജനറൽ കൺവീനറായി സിൽവർ ജൂബിലി കമ്മറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

## ബ്ലസ്സ് ഉത്തർപ്രദേശ് പ്രയർ ഫെസ്റ്റിവൽ സമാപിച്ചു

**ഡൽഹി:** ഉത്തർപ്രദേശിലെ മൊറാദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബ്ലസ്സ് വേൾഡ് മിനിസ്ട്രീസ് ഇന്റർനാഷണലി(ബി.എം.ഐ)ന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 16 മുതൽ 19 വരെ മൊറാദാബാദ് പാർക്കർ കോളജ് ഗ്രൗണ്ടിൽ വച്ച് 12-ാമത് ബ്ലസ് ഉത്തർപ്രദേശ് പ്രയർ ഫെസ്റ്റിവൽ നടന്നു. ബ്രദർ ജെയിൻ ജോസഫ് (സൗദി അറേബ്യാ) ബ്രദർ ഡേവിഡ്സൺ എം.ഡി (സൗദി അറേബ്യാ), പാസ്റ്റർ സാംസൺ (ഡൽഹി) എന്നിവർ ദൈവവചനം സംസാരിച്ചു. ബ്രദർ മോസസ് ജബൽപൂർ നയിക്കുന്ന ടീം സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. ഈ യോഗങ്ങളിൽ അനേകർ ദൈവവചനം കേട്ട് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും രോഗികൾ സൗഖ്യമാകുകയും ചെയ്തു. പാസ്റ്റർ ജെസ്റ്റിൻ ഹാരിസ് (ബി.എം.ഐ ഡയറക്ടർ) ഇവിടെ പ്രവർത്തിക്കുന്നു.



ബ്രദർ ഡേവിഡ്സൺ എം.ഡി ദൈവവചനം സംസാരിക്കുന്നു. പരിഭാഷ: പാസ്റ്റർ എലൈജ നോയിഡ

## 'ചിൻവാദ് പാലം' പുസ്തക നിരോധനം ഹൈക്കോടതി റദ്ദാക്കി

**തിരുവല്ല:** വിവാദ പുസ്തകം 'ചിൻബാദ് പാല'ത്തെ നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെ കേരളാ ഹൈക്കോടതി റദ്ദാക്കി. സെപ്തംബർ 24-ന് ആണ് സുപ്രധാനമായ വിധി ഉണ്ടായത്. സർക്കാർ ഉത്തരവിൽ മതസ്പർധ ഉണ്ടാക്കുന്നുവെന്നല്ലാതെ ഇതിന് അടിസ്ഥാനമായ ഭാഗം സംബന്ധിച്ചോ, കാരണങ്ങളെക്കുറിച്ചോ വ്യക്തമാക്കിയിട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

ചുങ്കപ്പാറ ഐ.പി.സി. അംഗമായ സാം ജേക്കബാണ് ചിൻബാദ് പാലത്തിന്റെ രചയിതാവ്. മുസ്ലീം മതവിശ്വാസത്തെയും പ്രവാചകനെയും ഈ പുസ്തകത്തിൽ അവഹേളിച്ചിരിക്കുന്നുവെന്ന് ആരോപിച്ച് ചുങ്കപ്പാറ സ്വദേശി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് സർക്കാർ പുസ്തകം നിരോധിച്ചത്. ഗ്രന്ഥകാരന്റെ മരണശേഷമാണ് പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതും വിവാദമാകുന്നതും. അദ്ദേഹത്തിന്റെ മകൻ ചാർളി സാം, സഹോദരന്മാരായ പ്രസാദ് ജേക്കബ്, സജി ജേക്കബ്, റെജി കെ. ജോസഫ്, പാസ്റ്റർ ഏബ്രഹാം തോമസ്, പാസ്റ്റർ ബാബു ജോർജ് പത്തനാപുരം എന്നിവരായിരുന്നു. പ്രതികൾ.

പരാതി കിട്ടിയ ഉടനെ പോലീസ് പ്രതികളെന്ന് ആരോപിക്കുന്നവരെ 2010 മാർച്ച് 22ന് അറസ്റ്റ് ചെയ്തു. കുറ്റം ചെയ്യാത്ത ഈ സഹോദരന്മാർ 59 ദിവസം പത്തനംതിട്ട സബ്ജയിലിൽ കിടന്നു.

പുസ്തക നിരോധനത്തിനെതിരെ കോടതിയിൽ പോയത് യുക്തിവാദി സംഘടന ആയിരുന്നു. വിവാദ പുസ്തകത്തിലെ പരാമർശങ്ങൾ ഇസ്ലാം മതത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളല്ലെന്നും അതുകൊണ്ട് പുസ്തകത്തിൽ അസ്വഭാവികത ഒന്നുമില്ലെന്നും യുക്തിവാദി സംഘം വൈസ് പ്രസിഡന്റ് സെയ്ദ് മുഹമ്മദ് ലഘുലേഖയിലൂടെയും ലേഖനങ്ങളിലൂടെയും വ്യക്തമാക്കി.

(കടപ്പാട്: ക്രൈസ്തവ ചിന്ത)

### ഉൾപേജുകളിൽ...


യഥാർത്ഥ ഭാഗ്യവാന്മാർ: പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)

കൂടുമ്പോൾ ഇമ്പം : പാസ്റ്റർ മനോജ് തമ്പി (അടൂർ)

ആത്മീയ ഗോളവും ദുരുപദേശങ്ങളും വചന വീക്ഷണത്തിൽ : പാസ്റ്റർ ബിനു ജോൺ (ഡൽഹി)

ആധുനിക പെന്തക്കൊസ്ത് ഉണർവിന്റെ ആരംഭം: ഇവാ. ജോൺ സാമുവൽ മണക്കാല

പത്രാധിപ ലേഖനം.......

# യഥാർത്ഥ ഭാഗ്യവാന്മാർ



ഭാഗ്യം എന്ന വാക്കിന് വിധി, ഈശ്വരാനുകൂല്യം, ദൈവത്തിൽ നിന്നും ലഭിക്കുന്ന നന്മ, ഐശ്വര്യവർദ്ധനവ്, നല്ലകാലം തുടങ്ങിയ അർത്ഥങ്ങളാണ് മലയാള നിഘണ്ടുവിൽ നിന്ന് നമുക്ക് ലഭിക്കുന്നത്. ലോട്ടറിയടിക്കുന്നതോ, സാമ്പത്തിക ഉയർച്ച ഉണ്ടാകുന്നതോ, നല്ല ആരോഗ്യമുള്ളവരായി ഇരിക്കുന്നതുമാണോ യഥാർത്ഥ ഭാഗ്യം? ഒരിക്കലുമല്ല. ഇവയൊക്കെ നശ്വരമാണ്. ഒരിക്കലും നശിക്കാത്തത് നേടിയെടുക്കുന്നവരാണ് ഭാഗ്യശാലികൾ. യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ യഥാർത്ഥ ഭാഗ്യവാന്മാരെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' (മത്തായി 5:3). എബ്രായ ഭാഷയിൽ ദരിദ്രൻ എന്ന ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിൽ പൂർണ്ണാശ്രയം വച്ചിരിക്കുന്ന വളരെ താഴ്മയുള്ള മനുഷ്യൻ എന്നാണ്. അതുകൊണ്ടാണ് സങ്കീർത്തനം 34:6ൽ 'ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു' എന്ന് നാം വായിക്കുന്നത്. ആത്മാവിൽ ദരിദ്രരാകുകയെന്നാൽ താഴ്മ ധരിക്കുകയും സ്വന്തം നിലയെക്കുറിച്ച് കൃത്യമായ അവബോധമുണ്ടാകുകയും ചെയ്യുക എന്നാണർത്ഥം. നട്ടെല്ലില്ലായ്മയോ സ്വയപരിതാപമോ ഇവിടെ അർത്ഥമാക്കുന്നില്ല. ആത്മാവിൽ ദരിദ്രർ എന്നാൽ ലോകത്തിൽ നാം കാണുന്ന സ്വയം പുകഴ്ത്തലിന്റെയും വീരവാദം മുഴക്കലിന്റെയും നേർ വിപരീതമാണ്. എനിക്കൊരു വിലയുമില്ല; എനിക്കൊന്നും ചെയ്യുവാനും കഴിവില്ല എന്ന് പരസ്യമായി വിളിച്ചുപറയുന്ന ക്രിത്രിമ വിനയമല്ല ഇത്. മറിച്ച് നാം നമ്മെത്തന്നെ തിരിച്ചറിയുന്നു, നമ്മെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളുകയും ദൈവനാമ മഹത്വത്തിനായി കഴിയുന്നതെല്ലാം ചെയ്യുവാൻ നമ്മെ ഒരുക്കുകയും ചെയ്യുന്നു.

'ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ' (വാക്യം 4). നാം സ്വന്തപാപങ്ങളെയോർത്ത് വിലപിക്കുകയും പാപത്തെ നിന്ദാർഹമായി കാണുകയും ചെയ്യണം. ദൈവം പാപത്തെ എപ്രകാരം വീക്ഷിച്ച് അതിനെ കൈകാര്യം ചെയ്യുന്നുവോ അവ്വിധം തന്നെയാകണം നമ്മുടെ പ്രവർത്തനവും. പാപങ്ങൾക്ക് മറയിട്ട് അവയെ നീതികരിക്കുന്നവൻ തെറ്റായ മനോഭാവമാണ് വച്ചു പുലർത്തുന്നത്. നമ്മുടെ പാപങ്ങളെയോർത്ത് വിലപിക്കുക മാത്രമല്ല, സൗമ്യതയോടെ നമ്മെത്തന്നെ ദൈവത്തിന് ഏൽപിച്ചു കൊടുക്കുകയും ചെയ്യണം. ഒരു അറേബ്യൻ പഴമൊഴി ഇങ്ങനെയാണ്: 'പൂർണ്ണ സൂര്യതാപം മരുഭൂമിയെ സൃഷ്ടിക്കും.' എപ്പോഴും വെയിൽ പതിക്കുന്ന ദേശത്ത് ഒരു ഫലവും കായ്ക്കുകയില്ല. അവിടെ മഴ പെയ്തെങ്കിൽ മാത്രമേ വിളവ് ഉണ്ടാവുകയുള്ളു. നമ്മുടെ ജീവിതത്തിലും ദുഃഖത്തിനുമാത്രമേ ചില അനുഭവങ്ങളിൽ വരൾച്ച മാറ്റി പുതിയ മുളകൾ തളിർക്കുവാൻ നമ്മെ സഹായിപ്പാൻ കഴിയുകയുള്ളു. ദുഃഖത്തിന് രണ്ടു കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ചെയ്യുവാൻ കഴിയും. ഒന്ന്, അത് നമ്മോടുകൂടെയുള്ളവരുടെ സഹായ മനസ്കതയും കരുണയും നമുക്ക് വെളിപ്പെടുത്തുന്നു. മറ്റൊന്ന്, വലിയവനായ ദൈവത്തിന്റെ ആശ്വാസവും മനസ്സലിവും മറ്റാർക്കും തരുവാൻ കഴികയില്ല എന്നും അത് നമ്മെ മനസ്സിലാക്കിത്തരുന്നു. എല്ലാം അനുകൂലമെന്നു തോന്നുന്ന സമയത്ത് ഈ ഭൂമിയിൽ ആരുടെയും സഹായമില്ലാതെ വർഷങ്ങൾ ജീവിക്കാമെന്ന് മനുഷ്യൻ കരുതുന്നു. പക്ഷെ ദുഃഖം കടന്നു വരുമ്പോൾ മാത്രമേ അവൻ ജീവിത യാഥാർത്ഥ്യങ്ങളെ പറ്റി ചിന്തിക്കുകയുള്ളു. അത് അവൻ അംഗീകരിക്കുമ്പോൾ ഒരു പുതിയ ബലവും മനോഹാരിതയും അവന്റെ ആത്മാവിന് കൈവരുന്നു.

പലപ്പോഴും നഷ്ടപ്പെട്ടവയെക്കുറിച്ചുള്ള സങ്കടമാണ് വിലാപമായി പുറത്തുവരുന്നത്. അനേകർ നഷ്ടപ്പെട്ടുപോയവയ്ക്കു പകരമായി മറ്റ് ലൗകിക വസ്തുക്കൾക്ക് പിന്നാലെ പരക്കം പായുന്നു. ചിലർ മദ്യത്തെയും മറ്റ് ലഹരി പദാർത്ഥങ്ങളെയും അവരുടെ വേദനകളിൽ നിന്നും ഓടിയൊളിക്കുവാനുള്ള ഉപാധിയാക്കി മാറ്റുന്നു. വേറെ ചിലർ സമയം മായിക്കാത്ത മുറിവുകളില്ലെന്നു സമാധാനപ്പെടുന്നു. ചുരുക്കം ചിലർ അവരുടെ വേദനകളിൽ അവർക്കൊപ്പം വേദനിക്കുന്ന ദൈവത്തെ കണ്ടെത്തി ദൈവസന്നിധിയിൽ അഭയം തേടാനുള്ള അവസരമാക്കി അവരുടെ വേദനകളെ മാറ്റുന്നു. ഈ ജീവിതത്തിൽ സങ്കടങ്ങളും ദുഃഖങ്ങളും ദൈവത്തിങ്കലേക്ക് വളരെ അടുക്കുവാൻ സഹായമാകുന്നു.

'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ' (വാക്യം 5). സൗമ്യത മനുഷ്യന്റെ ബലഹീനതയാണെന്ന് ലോകം തെറ്റിദ്ധരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഒരു വിശ്വാസിയെ സംബന്ധിച്ച് സൗമ്യത ബലഹീനതയല്ല, ശക്തിയാണ്. സ്വയത്തെ നിയന്ത്രിച്ച് മുമ്പോട്ട് നയിക്കുവാനുള്ള ശക്തി. നാം സൗമ്യതയുള്ളവർ ആണോ എന്നറിയുന്നത് പ്രതികൂലങ്ങളിൽക്കൂടി കടക്കുമ്പോൾ മാത്രമാണ്. പ്രതികൂലങ്ങളിൽ ആണ് നമ്മുടെ സൗമ്യത വെളിപ്പെടേണ്ടത്. മനുഷ്യൻ ശാരീരികമായി ശക്തി പ്രാപിപ്പാൻ പല രീതിയിൽ യത്നിക്കുന്നു. എന്നാൽ ചെറിയൊരു രോഗം പിടിപെട്ടാൽ ഉണ്ടാക്കിയെടുത്ത ആരോഗ്യമെല്ലാം നശിക്കും. ദൈവമക്കൾക്ക് ഇന്നാവശ്യമായിരിക്കുന്നത് ശാരീരികശക്തിയെക്കാളുപരി ഉയരത്തിലെ ശക്തിയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവം തന്റെ ശക്തി പകരുവാൻ തയ്യാറാണ്. എന്നാൽ സാത്താനും തന്റെ ശക്തി മനുഷ്യരിൽ എത്തിക്കുവാൻ ശ്രമിക്കുന്നു. സാത്താൻ തന്ത്രപൂർവ്വം പ്രവർത്തിക്കുന്നവനാണ്. ഇന്നത്തെ സമൂഹത്തിന് ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാനറിയില്ല. കൂടുതൽ പണത്തിനായി, സുഖസൗകര്യങ്ങൾക്കായി ആളുകൾ വെമ്പൽ കൊള്ളുകയും അതിനായി എന്ത് അനീതിയും പ്രവർത്തിക്കാനും തയ്യാറാകുന്നു. ഇന്നത്തെ വിശ്വാസ സമൂഹത്തെയും ഈ ചിന്തകൾ ബാധിച്ചിരിക്കുന്നു എന്നതിൽ നാം വേദിക്കേണ്ടിയിരിക്കുന്നു. സഭയെ അടക്കിഭരിക്കുവാനുള്ള ആവേശവും, ഉള്ളതിൽ തൃപ്തിപ്പെടാതെ കൂടുതൽ അധികാരം വേണം എന്ന ചിന്തയും ഒരാളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അത് കൊണ്ടുവരുന്നത് സാത്താനാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇതെല്ലാം സൗമ്യത നഷ്ടപ്പെട്ടതിന്റെ ലക്ഷണങ്ങളാണ്. സൗമ്യതയോടെ ക്രിസ്തീയ ജീവിതം നയിക്കാൻ നമുക്ക് തയ്യാറാകാം.

'കരുണയുള്ളവർ ഭാഗ്യവാന്മാർ' (വാക്യം 7). ലോകപ്രശസ്ത സാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി തന്റെ യാത്രാമദ്ധ്യേ ഒരു സ്റ്റേഷനിൽ നിൽക്കുകയായിരുന്നു. ഒരു വൃദ്ധനായ ഭിക്ഷക്കാരൻ അദ്ദേഹത്തെ സമീപിച്ച് തന്റെ ഭിക്ഷാപാത്രം നീട്ടി. അദ്ദേഹം തന്റെ കോട്ടിന്റെ പോക്കറ്റിൽ കൈയിട്ട് എന്തെങ്കിലും നൽകുവാൻ ആഗ്രഹിച്ച് പരതി. പക്ഷെ ആ പോക്കറ്റിൽ ഒന്നും ഇല്ലായിരുന്നു. അദ്ദേഹം ആ ഭിക്ഷക്കാരനോട് പറഞ്ഞു: 'സോദരാ... എന്റെ കൈയ്യിൽ നിനക്കു തരാൻ ഒന്നുമില്ലല്ലോ...' ആ ഭിക്ഷക്കാരൻ സന്തോഷത്തോടുകൂടെ പറഞ്ഞു, 'സാർ, എനിക്ക് എല്ലാം ലഭിച്ചു കഴിഞ്ഞു. ഇതുവരെ ആരും തരാത്തത് അങ്ങ് എനിക്ക് തന്നു. പലരും ചില്ലറത്തുട്ടുകൾ എറിഞ്ഞു തന്നിട്ടുണ്ട്. എന്നാൽ ആരും ഇതുവരെ എന്നെ സോദരാ എന്ന് വിളിച്ചിട്ടില്ല.' സഹജീവികളെയും സൃഷ്ടാവിനേയും പ്രപഞ്ചത്തെയും മറന്ന് ജീവിക്കുന്ന നാമോരോരുത്തരും ആ ഭിക്ഷക്കാരന്റെ ആത്മസന്തോഷത്തെ കാണേണ്ടതാണ്. കരുണ എന്ന വികാരം നമ്മിൽ നിന്ന് അന്യം നിന്നുപോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാണപ്പെടുന്ന സഹജീവികളെ കാണാതെ എങ്ങനെ നമുക്ക് അദൃശ്യനായ ദൈവത്തെ കാണുവാൻ കഴിയും? ആത്മീയരായ നമ്മിൽ നിന്ന് കരുണ നഷ്ടപ്പെടുവാൻ ഇടയാകരുത്. നമ്മുടെ മനസ്സിൽ കരുണ കാത്തു സൂക്ഷിക്കുകയും ജീവിതത്തിൽ മറ്റുള്ളവരോട് അത് പ്രദർശിപ്പിക്കുകയും ചെയ്യണം.

സൗമ്യതയോടെ, കരുണയോടെ, നീതിക്കുവേണ്ടി ദാഹിക്കുന്നവരായി, ഹൃദയശുദ്ധിയുള്ളവരായി, സമാധാനം ഉണ്ടാക്കുന്നവരായി, നീതി നിമിത്തം ഉപദ്രവിക്കപ്പെടേണ്ടി വന്നാലും സ്വർഗ്ഗീയ പ്രതിഫലം വലുതാണ് എന്ന് മനസ്സിലാക്കി ഉറപ്പോടെ ലഭിച്ച ഭാഗ്യം കൈവെടിയാതെ കർത്താവിന്റെ വരവുവരെയും വിശ്വസ്തതയോടെ നമുക്ക് ജീവിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ദൈവജനം അതിവിശിഷ്ട ജീവിതത്തിനുടമകളായി മാറുക

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

വനും ദൈവഭൃത്യരെ ബഹുമാനിക്കുന്നവനും ആയിരുന്നു. ദൈവശബ്ദത്തിനു മുമ്പിൽ തന്നെതന്നെ താഴ്ത്തുന്നതിനും താൻ തയ്യാറായി. ഈ തലമുറയിലെ യുവജനങ്ങൾ മാതൃക ആക്കേണ്ടുന്ന ഗുണഗണങ്ങൾ ഉള്ളവനായിരുന്നു ശൗൽ. ആരും നിങ്ങളുടെ യൗവ്വനം തുച്ഛീകരിക്കാതെ ദൈവീക തിരഞ്ഞെടുപ്പിന്റെ മഹത്വം മനസ്സിലാക്കി ലോകത്തിന്റെ മുമ്പിൽ വ്യത്യസ്ഥതയുള്ള ജീവിതം നയിക്കാൻ ദൈവം സഹായിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

2014 ഒക്ടോബർ 23-ാം തീയതി കിംഗ്സ് വേ ക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടന്ന വാർഷിക സമ്മേളനത്തിന് എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി.ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശീലാസ് സാമുവൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഡൽഹി റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ ബിനോയി പി. ജോൺ, പാസ്റ്റർ ബിനു ജോൺ, ബ്രദർ ചെറിയാൻ ഡാനിയേൽ, സിസ്റ്റർ എലിസബേത്ത് സാമുവൽ എന്നിവർ ആശംസകളറിയിച്ചു.

വാർഷിക സമ്മേളനത്തിന് മുന്നോടിയായി ഡൽഹി റീജനിലെ സഭകളിൽ നിന്നുള്ള യുവജനങ്ങളുടെ വൈവിദ്ധ്യമുള്ള താലന്തു പ്രദർശനം നടന്നു. യോഗത്തിന് എഫ്. സി. വൈ. എം. ട്രഷറാർ ബ്രദർ ബാബുരാജ് സ്വാഗതവും ബ്രദർ ജെയിംസ് പി.പി. നന്ദിയും അറിയിച്ചു.


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (അടൂർ)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**INDIAN CHRISTIAN MISSION**
**Yash Niwas, 101, Block- A, 96E, Ward No-2, Mehrauli, New Delhi-110030**
**Ph: 9810084388, E-mail: icm4india@yahoo.com,**
**Website: www.indianchristianmission.com**



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# കൂടുമ്പോൾ ഇമ്പം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

മനുഷ്യ ജീവിതത്തെ വർണ്ണാഭമാക്കുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നത് കുടുംബമെന്ന യാഥാർത്ഥ്യമാണ്. വാത്സല്യവും, അംഗീകാരവും, അഭിനന്ദനവും, സ്നേഹവും, മനുഷ്യന് ലഭ്യമാകുവാൻ ദൈവം സ്ഥാപിച്ച കുടുംബങ്ങൾ സാമൂഹിക നിർമ്മിതിയുടെ അടിസ്ഥാന ശിലകളാണ്. സമൂഹത്തിലേക്കുള്ള ജാലകങ്ങളും, സ്വഭാവ രൂപീകരണത്തിന്റെ വിദ്യാലയവും, ദൈവവിശ്വാസത്തിന്റെ യാഗപീഠവും കുടുംബമാണ്. വ്യവസായവത്ക്കരണവും, ആഗോളവത്ക്കരണവും മൂലം അണുകുടുംബങ്ങൾ ഭാരതചരിത്രത്തിൽ ഇടം നേടി. വ്യക്തിതാല്പര്യങ്ങൾ കുടുംബങ്ങളിൽ മുൻഗണന നേടിയതോടെ കുടുംബജീവിതത്തിലെ ബന്ധങ്ങൾക്ക് ഭ്രംശം സംഭവിക്കുവാൻ തുടങ്ങി. തിരക്കേറിയതും, അന്യസ്ഥലങ്ങളിൽ ലഭ്യമാകുന്ന ജോലിയും നിമിത്തം കുടുംബബന്ധങ്ങൾ നിലനിർത്തികൊണ്ട് പോകുവാൻ ഇന്നത്തെ കുടുംബങ്ങൾക്ക് കഴിയാതെ പോകുന്നു. അനന്തരഫലമായി ഉളവാകുന്ന ബന്ധങ്ങളുടെ വിടവ് നികത്തുവാൻ കുടുംബാംഗങ്ങൾ വിനോദ ഉപാദികളിൽ ആശ്രയിക്കുന്നു. ഇവിടെ മാധ്യമങ്ങളുടെ കടന്നുകയറ്റം കുടുംബങ്ങളിൽ ദൃശ്യമാകുവാൻ തുടങ്ങി. ലോകസംഭവങ്ങളെ നമ്മുടെ മുൻപിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്. മാധ്യമങ്ങൾ വാർത്തകൾക്കും, പരസ്യങ്ങൾക്കും നൽകുന്ന മുൻഗണനയും ശക്തീകരണവും നമ്മുടെ ചിന്തകളിലും മുൻഗണനാക്രമം സൃഷ്ടിക്കുന്നു.

വൈജ്ഞാനികരുടെ അഭിപ്രായത്തിൽ മനുഷ്യസമൂഹത്തിന്റെ ചരിത്രം മൂന്ന് ഘട്ടങ്ങളായി വേർതിരിച്ചിരിക്കുന്നു; കർഷകസമൂഹം, വ്യവസായസമൂഹം, വൃത്താന്തവിജ്ഞാന സമൂഹം. മനുഷ്യന്റെ അറിയുവാനുള്ള അവകാശത്തെ വാർത്തയാക്കിയും വിൽപ്പനച്ചരക്കാക്കിയും വൈകൃതലോകം സൃഷ്ടിക്കുന്ന ഒട്ടനവധി മാധ്യമങ്ങൾ ഇന്ന് സമൂഹത്തിലുണ്ട്. ആശയവിനിമയം, അവകാശം, അധികാരം, പ്രതിബദ്ധത, സ്ഥാനങ്ങൾഎന്നിവയുടെ ക്രമീകൃത രൂപമാണ് കുടുംബം. ആശയവിനിമയത്തിൽ സോഷ്യൽ നെറ്റ്വർക്കുകൾ കുടുംബാംഗങ്ങൾക്ക് നൽകുന്ന സഹായം ഇന്ന് സ്മരണീയമാണ്. അതിര്കടന്നുള്ള ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം കുടുംബാംഗങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും അവരെ അകറ്റുകയും തത്ഫലമായി കുടുംബബന്ധങ്ങളിൽ വിള്ളൽ സംഭവിക്കുകയും ചെയ്യുന്നു.

തിരുവചന വെളിച്ചത്തിൽ കുടുംബബന്ധങ്ങളെ ഭദ്രമാക്കുവാൻ സഹായിക്കുന്ന നല്ല മാതൃകകൾ നമുക്ക് സ്വീകരിക്കാം. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മാധ്യമ സംസ്ക്കാരത്തിലെ സാങ്കല്പിക കുടുംബങ്ങളല്ല ഇന്ന് സമൂഹനിർമ്മിതിക്ക് ആവശ്യം പ്രത്യുത ദൈവവചനത്തിലധിഷ്ഠിതമായ, ക്രിസ്തു കേന്ദ്രീകൃതമായ, മാതൃകാപരമായ കുടുംബങ്ങളാണ്. ആരോഗ്യപരവും, പുരോഗമനപരവുമായ ഒരു ആത്മീകജീവിതം കുടുംബഭദ്രതയ്ക്ക് അടിസ്ഥാനമിടുന്നു. കുടുംബാംഗങ്ങളുടെ സ്വപ്നസാക്ഷാത്കാരത്തിനായി വ്യക്തികളുടെ പങ്കാളിത്തവും, ഉത്തരവാദിത്വവും, പരസ്പരമുള്ള ആശ്രിതത്വവും ഉപയോഗിക്കപ്പെടുമ്പോൾ പൂർണ്ണതയുള്ള ഒരു കുടുംബം സംജാതമാകുന്നു.

കുടുംബബന്ധങ്ങളിലെ ചില പ്രശ്നങ്ങൾക്ക് കാരണം മറ്റുള്ളവരുടെ താല്പര്യങ്ങൾ പരിഗണിക്കാതെ വ്യക്തിതാല്പര്യങ്ങൾക്ക് പ്രഥമസ്ഥാനം നല്കുന്നതാണ്. നമ്മുടെ നിയന്ത്രണങ്ങൾക്ക് അതീതമായി ആകസ്മികമായ സംഭവങ്ങൾ കുടുംബങ്ങളെ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ഇത്തരം ആകസ്മിക സംഭവങ്ങൾ പരസ്പരമുള്ള പഴിചാരലിലേക്കും നിരാശയിലേക്കും നയിക്കുമെന്നറിഞ്ഞ് അവയ്ക്ക് പിന്നിലെ പ്രേരകഘടകങ്ങളെ മനസിലാക്കുക. അപക്വത മുതൽ അജ്ഞതവരെയുള്ള അസംഖ്യം കാരണങ്ങൾ അപകടം ക്ഷണിച്ചുവരുത്തുന്നു. ഭാരതീയ കുടുംബബന്ധങ്ങളിലൂടെ പ്രശ്നചരിത്രത്തിൽ ഒട്ടേറെ ചർച്ച ചെയ്യപ്പെട്ടത് ഭ്രൂണഹത്യ എന്ന നരഹത്യയാണ്. വിവാഹേതരബന്ധങ്ങളും, അസാൻമാർഗിയതയും, വിവാഹ വാഗ്ദാനം നൽകിയുള്ള വഞ്ചനയും നിമിത്തം പിതൃശൂന്യരായ നിരവധി പിഞ്ചുബാല്യങ്ങൾ ചരിത്രത്തിന്റെ വഴിയോരങ്ങളിൽ ഭിക്ഷാടകരായി ജനിക്കപ്പെടുന്നു. ഇത്തരം പ്രവണതയെ തടയുവാൻ മനുഷ്യന് ലഭിച്ച കുടിലമായ ശാസ്ത്ര സംഭാവനയാണ് ഗർഭച്ഛിദ്രം. കൊലചെയ്യരുത് എന്ന തിരുവചനകല്പനയുടെ ലംഘനമാണിത്. അമൂല്യമായ മനുഷ്യജീവന്റെ വില ഗർഭപാത്രത്തിൽ വച്ച് തന്നെ തകർക്കപ്പെടുന്നത് നിർത്തലാക്കുവാൻ ബൈബിൾ ആവശ്യപ്പെടുന്നു.

കുട്ടികൾക്ക് നേരെയുള്ള വർദ്ധിച്ചുവരുന്ന ശാരീരിക മാനസിക പീഢനങ്ങൾ ഒരു പരിധിവരെ കുടുംബ തകർച്ചയ്ക്ക് കാരണമാകുന്നു. ബാലവേല, ഭിക്ഷാടനം, ശാരീരിക പീഢനം, മയക്കുമരുന്ന് വില്പ്പന എന്നിവയ്ക്കായി നിഷ്കളങ്കരായ കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ നിന്നും തട്ടിയെടുക്കുന്ന പ്രവണത സമൂഹത്തിൽ ഇന്നും നടന്നു കൊണ്ടിരിക്കുന്നു. “ശിശുവിനെ എന്റെ നാമത്തിൽ കൈകൊള്ളുന്നവൻ എന്നെ കൈകൊള്ളുന്നു” എന്നതാണ് ക്രിസ്തു ഭാഷ്യം. മാതാപിതാക്കളും കുട്ടികളും ഒന്നിച്ചുള്ള പ്രശ്നരഹിതമായ ഒരു കുടുംബം സ്ഥാപിക്കുവാൻ ബൈബിൾ കൽപ്പനകൾ അനുസരിക്കുന്നതിലൂടെ നമുക്ക് സാധിക്കട്ടെ.

കുടുംബബന്ധങ്ങളിലെ ചില പ്രശ്നങ്ങൾക്ക് കാരണം മറ്റുള്ളവരുടെ താല്പര്യങ്ങൾ പരിഗണിക്കാതെ വ്യക്തിതാല്പര്യങ്ങൾക്ക് പ്രഥമസ്ഥാനം നല്കുന്നതാണ്. നമ്മുടെ നിയന്ത്രണങ്ങൾക്ക് അതീതമായി ആകസ്മികമായ സംഭവങ്ങൾ കുടുംബങ്ങളെ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ഇത്തരം ആകസ്മിക സംഭവങ്ങൾ പരസ്പരമുള്ള പഴിചാരലിലേക്കും നിരാശയിലേക്കും നയിക്കുമെന്നറിഞ്ഞ് അവയ്ക്ക് പിന്നിലെ പ്രേരകഘടകങ്ങളെ മനസിലാക്കുക. അപക്വത മുതൽ അജ്ഞതവരെയുള്ള അസംഖ്യം കാരണങ്ങൾ അപകടം ക്ഷണിച്ചു വരുത്തുന്നു

## ആത്മീയ ഗോളവും ദുരൂപദേശങ്ങളും

(നാലാം പേജിൽ നിന്ന് തുടർച്ച)

ദൈവകൃപയുടെ സത്യപ്രഘോഷണമാണ് സുവിശേഷം. ദൈവം പാപികളെ രക്ഷിപ്പാൻ തയ്യാറാക്കിയ പദ്ധതികളും ദൈവവുമായി മനുഷ്യന് ശരിയായ ബന്ധത്തിലാകുവാനുള്ള വഴികളുമടങ്ങിയ നല്ല ഉപദേശവും കൂടിയാണ് സുവിശേഷം.

ഈ നല്ല ദൗത്യത്തെയാണ്, നല്ല വാർത്തയെയാണ് ദുരൂപദേശത്തിലൂടെ ദുരൂപദേശകന്മാർ തകർത്തുകളയുവാൻ ശ്രമിക്കുന്നത്.

**ആത്മീയ ഗോളം**

ദൈവീക സൃഷ്ടിപ്പ് തന്നെ ആത്മീയ ഗോളത്തിന്റെ ഒരു നല്ല കാഴ്ചപ്പാട് നൽകികൊണ്ടാണ് ആരംഭിക്കുന്നത്. എന്നാൽ സാത്താന്റെ ഉപദേശം എപ്പോൾ സ്വീകരിക്കുവാൻ തുടങ്ങിയോ അവിടെ മുതൽ മനുഷ്യവർഗ്ഗത്തിന്റെ പതനം ആരംഭിച്ചു. വീഴ്ച പറ്റിയ മനുഷ്യന് ദൈവം ഉപാധികൾ വച്ചു, തിരികെ ആത്മീയതയിലേക്ക്, തേജസ്സിലേക്ക് , സത്യത്തിലേക്ക് കൊണ്ടുവരുവാൻ കല്പനകൾ കൊടുത്തു. കാലാകാലങ്ങളിൽ പ്രവാചകന്മാരെയും രാജാക്കന്മാരെയും എഴുന്നേൽപിച്ചു. ദൈവത്തിൽ നിന്ന് അകന്നുപോയ മാനവജാതിയെ യഥാർത്ഥ ആത്മീയതയിലേക്ക് തിരികെ കൊണ്ടുവരുവാൻ യേശുക്രിസ്തുവിന്റെ ക്രൂശ് മരണം മുഖാന്തരമായി. യേശുക്രിസ്തുവിനെ ദൈവവും കർത്താവും രക്ഷിതാവുമായി സ്വീകരിച്ച ദൈവജനം പെന്തക്കൊസ്തു നാളിൽ ഒരുമിച്ച് കൂടി പരിശുദ്ധാത്മസ്നാനത്തിനായി കാത്തിരുന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു. അങ്ങനെ വളർന്നുകൊണ്ടിരുന്ന ദൈവസഭയെ അട്ടിമറിക്കുവാൻ സാത്താൻ പലവഴികളിലൂടെയും ശ്രമിച്ചുകൊണ്ടിരുന്നു. പ്രതികൂലങ്ങളും പീഢകളിലൂടെയും സഭ കടന്നുപോയി. അതിൽ സഭയെ തകർക്കാൻ കഴിയാതിരുന്ന സാത്താൻ തിരഞ്ഞെടുത്ത മാർഗമാണ് ദുരൂപദേശ വ്യാപനം. സഭയുടെ വളർച്ചയോടെ പുതിയ ഉപദേഷ്ടാക്കന്മാർ എഴുന്നേൽക്കുകയും ദൈവവചനത്തിനു വിരുദ്ധമായ മാനുഷിക ചിന്തകൾക്കും തെറ്റായ വചന വ്യാഖ്യാനങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും ദൈവജനത്തെ തെറ്റിച്ചുകളയുകയും ചെയ്തു. (തുടരും)

## നിത്യതയിൽ പ്രവേശിച്ചു



എം.കെ. ബാബു (63)

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി പത്തനാപുരം സഭാംഗമായ പിറവന്തൂർ ചേകം പള്ളിവടക്കേതിൽ പുത്തൻ വീട്ടിൽ എം. കെ. ബാബു (റിട്ട. അഗ്രികൾച്ചറൽ അസിസ്റ്റന്റ്) ഒക്ടോബർ 4ന് വൈകിട്ട് 4.10 ന് നിത്യതയിൽ പ്രവേശിച്ചു. സാമൂഹിക പ്രവർത്തകൻ, പ്രസംഗകൻ, സംഘാടകൻ എന്നി നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അംബേദ്ക്കർ മിഷന്റെ ഓർഗനൈസിംഗ് സെക്രട്ടറിയായിരുന്നു. 6-ാം തീയതി രാവിലെ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ സെക്രട്ടറി പാസ്റ്റർ എം. ഓ. അനിയൻ നേതൃത്വം നൽകി. ഭാര്യ- അന്നമ്മ ബാബു. മക്കൾ- ഷീബ, ഷീന



അന്നമ്മ വി.എം (90)

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് അടൂർ സഭാംഗവും അടൂർ പാറപ്പാട്ട് പരേതനായ പി. വൈ. ഡാനിയേലിന്റെ ഭാര്യ അന്നമ്മ വി.എം. ഒക്ടോബർ 21ന് രാവിലെ നിത്യതയിൽ പ്രവേശിച്ചു. ഒക്ടോബർ 22-ാം തീയതി രാവിലെ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ വി. എം. ഏബ്രഹാം, പാസ്റ്റർ മനോജ് തമ്പി എന്നിവർ നേതൃത്വം നൽകി. മക്കൾ- ജോർജ് ഡാനിയൽ (ബാബു), പാസ്റ്റർ ജോൺ ഡാനിയൽ (രാജു) മരുമക്കൾ: അന്നമ്മ ജോർജ്, എലിസബേത്ത് ജോൺ.



പാസ്റ്റർ എം.സി. ഫിലിപ്പ് (80)

**അടൂർ:** ജീസസ് നെയിം പെന്തക്കൊസ്തു ചർച്ച് സീനിയർ ശുശ്രൂഷകനായ അടൂർ വലിയവിളയിൽ പാസ്റ്റർ എം.സി. ഫിലിപ്പ് ഒക്ടോബർ 31ന് രാവിലെ 1.30 ന് നിത്യതയിൽ പ്രവേശിച്ചു. 44 വർഷം സഭാശുശ്രൂഷയിലായിരുന്ന അദ്ദേഹം നിരവധി സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. നവംബർ 3-ാം തീയതി രാവിലെ നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് ജീസസ് നെയിം പെന്തക്കൊസ്തു ചർച്ച് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, സെക്രട്ടറി പാസ്റ്റർ സി.എസ്. ജോർജ് എന്നിവർ നേതൃത്വം നൽകി. പരേതയായ അമ്മിണിയാണ് ഭാര്യ. മക്കൾ- ജോസഫ് ഫിലിപ്പ് (ജോയി മസ്ക്കറ്റ്), ജെസ്സി ഫിലിപ്പ്, എലിസബേത്ത് ഫിലിപ്പ്. മരുമകൾ: സാറാമ്മ ജോസഫ്.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 12 - 14
Date of Publication - 5th November 2014

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

## ആത്മീയ ഗോളവും ദുരൂപദേശങ്ങളും വചന വീക്ഷണത്തിൽ

*2014 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യുത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)ന്റെ ഡൽഹി റീജന്റെ നേതൃത്വത്തിൽ കിംഗ്സ് വേ ക്യാമ്പ് സഭയിൽ വച്ച് നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.*



പാസ്റ്റർ ബിനു ജോൺ
ന്യൂഡൽഹി

'ഈ പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ, സമയം അടുത്തിരിക്കുന്നു'

(വെളിപ്പാട് 1:3)

തകർന്നുകിടക്കുന്ന ലോകത്തെ നേരെയാക്കുക എന്ന ദൗത്യം ക്രിസ്തീയ സമൂഹത്തിന്റേതാണ്. അധർമ്മത്തിന്റെ പിടിയിലമർന്ന ലോകത്ത് വ്യാപിക്കുന്നത് മോശമായ വാർത്തകളാണ്. അരക്ഷിതാവസ്ഥ എവിടെയും പടർന്നു പിടിച്ചിരിക്കുന്നു. അവിടേക്ക് സദ്വാർത്ത അഥവാ സുവിശേഷം നൽകുക എന്ന ദൗത്യമാണ് ക്രിസ്തീയ സഭ നിർവ്വഹിക്കേണ്ടത്.

ദൈവസ്നേഹം ലോകത്തിന് വെളിപ്പെടുത്തുകയും യേശുവിനെ ഈ ലോകത്തിനു പരിചയപ്പെടുത്തുകയും മാനസാന്തരത്തിന്റെ സന്ദേശം അറിയിക്കുകയും ചെയ്യുന്നതാണ് ഒരോ സത്യ സുവിശേഷകന്മാരുടെയും ദൗത്യം.

സുവിശേഷം തുടക്കത്തിൽ തന്നെ നിരവധി എതിർപ്പുകളെയും വെല്ലുവിളികളെയും നേരിട്ടിരുന്നു. ഒന്നാം നൂറ്റാണ്ടിൽ യഹൂദാ മതവും റോമൻ ഭരണാധികാരികളും സഭയ്ക്കും സുവിശേഷീകരണത്തിനും എതിരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. സത്യത്തോട് മറുത്തു നിൽക്കുക എന്നത് ഒരു ആഗോള പ്രതിഭാസമായി തുടർന്നു വരുന്നു.

ആധുനിക കാലഘട്ടത്തിൽ സുവിശേഷത്തിനും അതിന്റെ പ്രവർത്തനങ്ങൾക്കും നേരിടേണ്ടിവരുന്ന വെല്ലുവിളികൾ ഏത് തരത്തിലാണ്? സുവിശേഷീകരണത്തിന്റെ ശത്രുക്കൾ ഇന്ന് വാസ്തവത്തിൽ ആരാണ്? നമ്മുടെ മനസ്സിലേക്ക് വേഗത്തിൽ ഓടിയെത്തുന്നത് ഒരു പക്ഷെ വർഗ്ഗീയ ശക്തികളും സുവിശേഷ വിരോധികളും ആയിരിക്കും. പക്ഷെ, സുവിശേഷത്തിന് തടസ്സം സൃഷ്ടിക്കുന്നത് ഇത്തരം ശക്തികളാണോ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ സുവിശേഷവുമായി വന്ന വില്യം കേറിക്ക് എല്ലാ നിലയിലും സഹായ സഹകരണം നൽകിയിരുന്നത് അന്നത്തെ ഹൈന്ദവ സ്നേഹിതന്മാരായിരുന്നു എന്നത് ചരിത്ര സത്യമാണ്.

> വളർന്നുകൊണ്ടിരുന്ന ദൈവസഭയെ അട്ടിമറിക്കുവാൻ സാത്താൻ പലവഴികളിലൂടെയും ശ്രമിച്ചുകൊണ്ടിരുന്നു. പ്രതികൂലങ്ങളും പീഢകളിലൂടെയും സഭ കടന്നുപോയി. അതിൽ സഭയെ തകർക്കാൻ കഴിയാതിരുന്ന സാത്താൻ തിരഞ്ഞെടുത്ത മാർഗമാണ് ദുരൂപദേശ വ്യാപനം. സഭയുടെ വളർച്ചയോടെ പുതിയ ഉപദേഷ്ടാക്കന്മാർ എഴുന്നേൽക്കുകയും ദൈവവചനത്തിനു വിരുദ്ധമായ മാനുഷിക ചിന്തകൾക്കും തെറ്റായ വചന വ്യാഖ്യാനങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും ദൈവജനത്തെ തെറ്റിച്ചുകളയുകയും ചെയ്തു

രണ്ടായിരം വർഷം മുൻപ് ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ സുവിശേഷം എത്തിയെന്ന് വിശ്വസിക്കപ്പെടുന്നു. മൂന്നേകാൽ കോടി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിൽ സുവിശേഷീകരണത്തിന്റെ പ്രധാനശത്രുക്കൾ പ്രഥമവും പ്രധാനവുമായി ക്രിസ്ത്യാനികൾ തന്നെയെന്നു കാണാം. ഒരു ക്രിസ്ത്യാനിക്കെങ്കിലും പങ്കില്ലാത്ത ഒരു അധാർമ്മിക പ്രവൃത്തിയും ഇന്നു കേരളത്തിൽ നടക്കുന്നില്ലെന്നു പറയുന്നതാകും ഏറെ ശരി.

***സുവിശേഷം എന്ന നല്ല വാർത്ത***

സുവിശേഷം എന്നതിന് ഗ്രീക്കിൽ **യുവാങ്കിലിയോൺ** എന്നും, സുറിയാനിയിൽ **ഏവൻഗേലിയോൻ** എന്നുമുള്ള പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. സുവാർത്ത എന്ന അർത്ഥസൂചനയുള്ള ഈ വാക്കിന് ദൈവം സംസാരിച്ചത് എന്ന അർത്ഥവും നൽകാം. സുവിശേഷം ക്രിസ്തുവിനെ കുറിച്ചുള്ളതും യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെ കുറിച്ചുള്ളതുമായ സത്യ വാർത്തയാണ്. യേശു പറഞ്ഞു ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. യേശുവിൽ വെളിപ്പെട്ടതും ഉറപ്പിക്കപ്പെട്ടതുമായ

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030**

## ഉറവ

## ആധുനിക പെന്തക്കൊസ്ത് ഉണർവ്വിന്റെ ആരംഭം



ഇവാ. ജോൺ സാമുവൽ
മണക്കാല

ആധുനിക പെന്തക്കൊസ്തു പ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ചാൾസ് എഫ്. പെർഹാമിന്റെ ജീവിതത്തോടുകൂടിയാണ് അതാരംഭിക്കുന്നത് എന്ന യാഥാർത്ഥ്യം വിസ്മരിക്കുക സാദ്ധ്യമല്ല. ഈ ഉണർവ്വിന്റെ ആരംഭത്തിന് സ്തുത്യർഹമായ നിലയിൽ നേതൃത്വം വഹിച്ചതും 1929-ൽ തന്റെ മരണം വരെ ഈ പ്രസ്ഥാനത്തിന് നടുനായകത്വം വഹിച്ചതും അദ്ദേഹമാണ്. അതിനാലായിരിക്കണം ആധുനിക പെന്തക്കൊസ്തു പ്രസ്ഥാനത്തിന്റെ പിതാവ് എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നത്.

1873 ജൂൺ 4-ാം തീയതി അയോവായിലെ മുസ്കാറ്റിനിലാണ് പെർഹാം ജനിച്ചത്. ബാലനായിരിക്കുമ്പോൾ തന്നെ കർത്താവിന്റെ വേലയിൽ തനിക്ക് താല്പര്യം ജനിച്ചിരുന്നു. ദൈവവിളിയെപ്പറ്റിയുള്ള ബോധം ആദ്യമായി തനിക്കനുഭവപ്പെട്ടത് 9-ാം വയസ്സിലാണ്. ദൈവത്തിന്റെ കരം തന്റെ മേൽ വച്ചിരിക്കുന്നു എന്ന വ്യക്തമായ ബോധ്യം അന്ന് തനിക്കുണ്ടായി. 13-ാം വയസ്സിൽ രക്ഷിക്കപ്പെട്ടു. അന്നു മുതൽ അതീവതാത്പര്യത്തോടെ വേദപുസ്തകം പഠിച്ചുതുടങ്ങി. 15-ാം വയസ്സിൽ പലസ്ഥലങ്ങളിലും പ്രസംഗിക്കുവാൻ ആരംഭിച്ചു. എന്നാൽ കോളജ് വിദ്യാഭ്യാസ കാലം ആത്മീയ താത്പര്യങ്ങൾ തന്നിൽ നിന്ന് കുറയുകയും വൈദ്യപഠനത്തിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്തു. അപ്രതീക്ഷിതമായി വന്നുപെട്ട മാരക രോഗം നിമിത്തം പെർഹാം കിടക്കയെ അഭയമാക്കി. ദൈവത്തോടുള്ള മത്സരത്തിന്റെ അനന്തരഫലമാണ് ഈ രോഗം എന്ന ചിന്ത കാരണം ദൈവസന്നിധിയിലേക്ക് വീണ്ടും അടുക്കുകയും രോഗസൗഖ്യം പ്രാപിച്ച് ദൈവവേലയിൽ പ്രവേശിക്കുമെന്ന് തീരുമാനമെടുക്കുകയും ചെയ്തു. അധികം വൈകാതെ ഒരു മെതഡിസ്റ്റ് സഭാ ശുശ്രൂഷകനായി. ചിലനാളുകൾക്ക് ശേഷം ഹോളിനസ് പ്രസ്ഥാനത്തിന്റെ സഹകരണത്തോടെ സ്വതന്ത്രമായി പ്രവർത്തനം ആരംഭിച്ചു.

1896 സാറാ എന്ന യുവതിയെ വിവാഹം കഴിച്ചു. 1898ൽ ദൈവീക രോഗശാന്തിയിലും മറ്റും വിശ്വാസമുള്ളവർക്ക് ഒരു മിച്ചുകൂടി അവയെപ്പറ്റി പഠിച്ച് കൂടുതൽ ഉത്തേജനം പ്രാപിക്കുന്നതിനും മറ്റുമുള്ള അന്തരീക്ഷം നിലനിൽക്കുന്ന ബെഥേൽ ഹീലിംഗ് ഹോം എന്ന ആത്മിക സ്ഥാപനം കാൻസാസിലെ റ്റൊപ്പേക്കയിൽ സ്ഥാപിച്ചു. ഇതേ സമയത്തുതന്നെ മാസത്തിൽ രണ്ടു പ്രാവിശ്യം വീതം *ദി അപ്പൊസ്തൊലിക് ഫെയ്ത്ത്* എന്ന പത്രിക പ്രസിദ്ധീകരിപ്പാൻ ആരംഭിച്ചു. 1900-ൽ വിവിധ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന അസാധാരണ ആത്മീയ ശുശ്രൂഷകളെപ്പറ്റി നേരിട്ടറിയുവാൻ ഒരു പര്യടനത്തിനായി പുറപ്പെട്ടു. ഹൃദയസ്പർശകങ്ങളും ആത്മീയ ഉത്തേജനങ്ങളുമായ ഒട്ടനവധി അനുഭവങ്ങൾ തനിക്കു ലഭിച്ചു. മടങ്ങിയെത്തിയ അദ്ദേഹം റ്റൊപ്പേക്കയിലെ വാഷ്ബേൺ കോളജിന്റെ ഒരു മൈൽ പടിഞ്ഞാറായി സ്റ്റോൺസ് ഹോളി എന്ന കെട്ടിടത്തിന്റെ മൂന്നാം നിലയിൽ 1900 ഒക്ടോബറിൽ 40 വിദ്യാർത്ഥികളുമായി ബെഥേൽ ബൈബിൾ കോളജ് ആരംഭിച്ചു.

അവിടെ വചന പഠനത്തിനെത്തിയ ഒരു വിദ്യാർത്ഥിനി ആയിരുന്ന അഗ്നീസ് എൻ. ഓസ്മാൻ. ആ വർഷം ക്രിസ്മസിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് കാൻസാസ് സിറ്റിയിൽ ചില യോഗങ്ങൾ നടത്തുവാൻ യാത്ര പുറപ്പെടുവാൻ പെർഹാം തയ്യാറാവുകയായിരുന്നു. തത്സമയം പഠനത്തിനായി അദ്ദേഹം വിദ്യാർത്ഥികളെ ഏൽപ്പിച്ച വിഷയം 'പരിശുദ്ധാത്മസ്നാനം'' എന്നതായിരുന്നു. താൻ സ്കൂളിൽ ഇല്ലാതിരുന്ന അടുത്ത മൂന്ന് ദിവസം വിദ്യാർത്ഥികൾ പ്രസ്തുത വിഷയത്തെപ്പറ്റി പഠിക്കുവാൻ ആരംഭിച്ചു. മടങ്ങിവന്ന പെർഹാമിന്റെ മുമ്പിൽ ആ വിഷയത്തെക്കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു. എല്ലാവരുടെയും റിപ്പോർട്ട് ഒരുതരത്തിലുള്ളതായിരുന്നു. ഉടൻ തന്നെ അവർ പുതിയതായി അംഗീകരിച്ച സത്യത്തിന്റെ അടിസ്ഥാനത്തിൽ അന്യഭാഷ അടയാളത്താൽ വ്യക്തമാക്കപ്പെടുന്ന പരിശുദ്ധാത്മസ്നാനത്തിനായി കാത്തിരിക്കുവാൻ ആരംഭിച്ചു. 1901 ജനുവരി 1-ാം തീയതി വൈകിട്ട് 7 മണി. പുതിയനിയമസഭയിൽ പല സന്ദർഭങ്ങളിലും വിശ്വാസികളുടെ മേൽ കൈവച്ച് പ്രാർത്ഥിക്കുമ്പോൾ അവർ ആത്മസ്നാനം പ്രാപിച്ചിട്ടുള്ള സംഭവങ്ങൾ ആഗ്നീസ് ഓർമ്മപ്പെടുത്തി. ആഗ്നീസ് പെർഹാമിന്റെ അടുക്കൽ ചെന്ന് വേദപുസ്തക മാതൃക പ്രകാരം തന്റെ മേൽ കൈവച്ച് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ആദ്യം അദ്ദേഹം വൈമനസ്യം പ്രകടിപ്പിച്ചു എങ്കിലും അവളുടെ മേൽ കൈവച്ച് ചുരുങ്ങിയ വാക്കുകളിൽ പ്രാർത്ഥിച്ചു. ഉടനെ പരിശുദ്ധാത്മാവ് അവളുടെ മേൽ വരികയും അന്യഭാഷയിൽ സംസാരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. അങ്ങനെ പെന്തക്കൊസ്ത് അനുഗ്രഹം അന്ന് അവിടെ പിൻമഴയ്ക്കു തുല്യം പകരപ്പെട്ടു. ഈ അനുഭവം ആധുനിക പെന്തക്കൊസ്തു ഉണർവ്വിന്റെ ആരംഭമായി ചരിത്രത്തിൽ കുറിക്കപ്പെട്ടിരിക്കുന്നു.

തുടർന്നിങ്ങോട്ട് ആളിക്കത്തി പടർന്നുയരുന്ന തീജ്വാലയായി ലോകരാജ്യങ്ങളിലേക്ക് ഉണർവ്വ് വ്യാപിച്ചു. ഈ ഉണർവ്വിന്റെ അഗ്നിനാളങ്ങൾ നമ്മളിലും കത്തിയുയരട്ടെ!